## അടിയന്തിരം

നംപർ - എൻ2/22494/2013/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം,തീയതി. 21.08.2013
ഫോൺ : 0471-2328438
Email: scholarshipdpi@gmail.com

പ്രേക്ഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:-പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2013-14 - അപേക്ഷകൾ ലോഗിൻ ചെയ്യുന്നതിന് 27.08.2013 വരെ സമയം ദീർഘിപ്പിച്ചത് - സംബന്ധിച്ച്.

സൂചന:- 21.08.2013 ലെ ഇതേ നമ്പർ തീരുമാനം.

വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും പ്രധാനാധ്യാപകരുടെയും ഉപജില്ലാ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെയും അഭ്യർത്ഥനപ്രകാരം 16.08.2013 നുള്ളിൽ ലഭ്യമായതും ലോഗിൻ ചെയ്യപ്പെടാത്തതുമായ 2013-14 ലെ ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ലോഗിൻ ചെയ്യുന്നതിന് **27.08.2013 ന് വൈകുന്നേരം 5 മണി** വരെ സമയം ദീർഘിപ്പിച്ച വിവരം ബന്ധപ്പെട്ട പ്രധാനാധ്യാപകരെ അടിയന്തിരമായി അറിയിക്കേണ്ടതാണ്.

അഫിലിയേഷനുള്ള സി.ബി.എസ്സ്.ഇ/ഐ.സി.എസ്സ്.ഇ, അംഗീകാരമുള്ള അൺഎയ്ഡഡ് എന്നീ സ്കൂളുകളിൽ നിന്നും ലോഗിൻ ചെയ്ത ശേഷം ഹാജരാക്കപ്പെട്ട അപേക്ഷകളും ക്രോഡീകരിച്ച ലിസ്റ്റും പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം അപ്‌ലോഡ് ചെയ്യുന്നതിന് എല്ലാ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും **06.09.2013 ന് വൈകുന്നേരം 5 മണി** വരെ സമയപരിധി ദീർഘിപ്പിച്ചവിവരവും ഇതിനാൽ അറിയിക്കുന്നു.

മേൽസൂചിപ്പിച്ച നടപടികൾ അപേക്ഷകർക്കും രക്ഷകർത്താക്കൾക്കും സൗകര്യപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**വിശ്വസ്തതയോടെ**
**ഒപ്പ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**അംഗീകാരത്തോടെ**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**പകർപ്പ് -** 1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി@സ്കൂൾ, തിരുവനന്തപുരം
2. എല്ലാ പ്രധാനാധ്യാപകർക്കും - ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ മുഖേന
3. സ്റ്റോക്ക് ഫയൽ